"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് തൃത്താലയിലെ ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹൈസ്കൂളിലെ എച്ച്.എസ്.ടി. (അറബിക്) ശ്രീമതി. കെ.ബസറിയ ഫയൽ ചെയ്ത WP(C) No.**43072/2025** മേൽ ബഹു. ഹൈക്കോടതി യുടെ **18.11.2025** തീയതിയിലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3472/2026/GEDN തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:-

1. പാലക്കാട് തൃത്താലയിലെ ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹൈസ്കൂളിലെ എച്ച്.എസ്.ടി. (അറബിക്) ശ്രീമതി. കെ.ബസറിയ 25.10.2025 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P8).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 43072/2025 മേലുള്ള 18.11.2025 തീയതി വിധിന്യായം.
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04-02-2026 തീയതിയിലെ DEOOTP/1153/2024-B2 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05.02.2026 തീയതിയിലെ DDEPKD/161/2026-B5 നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.02.2026 തീയതിയിലെ ഡി.ജി.ഇ/853/2026/ആർ.7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് തൃത്താലയിലെ ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹൈസ്കൂളിലെ ശ്രീമതി. കെ.ബസറിയ, എച്ച്.എസ്.ടി. (അറബിക്) ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 43072/2025 മേലുള്ള 18.11.2025 തീയതിയിലെ വിധിന്യായം പ്രകാരം 10.02.2026 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടു.

2. ഹർജിക്കാരി താഴെ പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു :

1. പാലക്കാട് ജില്ലയിലെ തൃത്താല ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹൈ സ്കൂൾ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്.

2. 30.07.1999 മുതൽ ശ്രീമതി. കെ. ബസറിയ ശ്രീ. വി.വി. ഇബ്രാഹീം കുട്ടിയുടെ അവധി ഒഴിവിൽ എൽ.ജി(അറബിക്ക് )ആയി നിയമിച്ചു. ടി നിയമനം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതാണ്. ശ്രീ. വി.വി ഇബ്രാഹീം കുട്ടി 01.04.2003 മുതൽ അഞ്ച്

വർഷത്തേക്ക് ലീവ് നീട്ടിയതിനാൽ ടി ഒഴിവിലേക്ക് ശ്രീ. ബസരിയ എന്നവരെ 01.04.2003 മുതൽ 31.12.2007 വരെ പുനർ നിയമിച്ചിട്ടുള്ളതാണ്. ടി നിയമനവും അംഗീകരിച്ചിട്ടുളളതാണ്. അങ്ങനെ 30.07.1999 മുതൽ 31.12.2007 വരെ എൽ.ജി(അറബിക്ക്) തുടർന്നുളള അംഗീകൃത സേവനമുള്ളതാണ്. ആയതിനാൽ എൽ.ജി(അറബിക്ക്) അദ്ധ്യാപികയായി പുനർ നിയമനം ലഭിക്കുവാനുള്ള 51 എ ചട്ടം അവകാശം സിദ്ദിച്ചിട്ടുള്ളതാണ്. ലീവ് കാലവധി അവസാനിച്ച് ശ്രീ.വി.വി ഇബ്രാഹീം കുട്ടി സർവ്വീസിൽ പുനർ പ്രവേശിച്ച സാഹചര്യത്തിൽ ശ്രീമതി.ബസരിയ സർവ്വീസിൽ നിന്ന് പുറത്തായിട്ടുളളതാണ്.

3. പിന്നീട് 03.06.2013 മുതൽ ശ്രീ.ഇബ്രാഹീം കുട്ടിയുടെ വിരമിക്കൽ ഒഴിവിൽ പുനർ നിയമനം ലഭിച്ചു. ടി നിയമനവും അംഗീകരിച്ചിട്ടുള്ളതാണ്. യു.പി.എസ്.റ്റി തസ്ത്ികയിൽ 8 വർഷം സർവ്വീസ് പൂർത്തികരിച്ചിട്ടുളളതിനാൽ 30.07.2007 തീയതി ആദ്യ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളതാണ്.

4. അങ്ങനെ തുടരവെ 15.07.2016 മുതൽ അധിക തസ്തികയിൽ എച്ച്.എസ്.റ്റി (അറബിക്ക്) ആയി സ്ഥാനക്കയറ്റം ലഭിച്ചിട്ടുളളതാണ്. ടി നിയമനവും അംഗീകരിച്ചിട്ടുളളതാണ്.

5. 03.06.2013 മുതൽ യു.പി.എസ്.റ്റി. ആയി പുനർ നിർണ്ണയിച്ചിട്ടുളളതും 13210-22360 എന്ന യു.പി.എസ്.എ സ്കെയിലിൽ 13210/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. പക്ഷേ കെ.ഇ.ആർ 14 എ റൂൾ 51 അനുസരിച്ച് 31.12.2007-ൽ കൈപ്പറ്റിയ 2009 പേ റിവിഷൻ അനുസരിച്ച് പുനർ നിർണ്ണയിച്ച ശമ്പളം 8790/- രൂപ ആയിരുന്നു. ആയത് സംരക്ഷിച്ച് ടിയാളുടെ ശമ്പളം പുനർ നിർണ്ണയിച്ച് നൽകേണ്ടതാണ്. 03.06.2013 തീയതിലെ ശമ്പളം സംരക്ഷിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ഹർജി ഒറ്റപ്പാലം ഓഫീസർക്ക് ജില്ലാവിദ്യാഭ്യാസ നൽകിയിരുന്നുവെങ്കിലും റൂൾ 52 പ്രകാരം പോസ്റ്റ് നഷ്ട്ടപ്പെട്ടിട്ടില്ല. 31.12.2007 തീയതി സർവ്വീസിൽ നിന്ന് പുറത്തായിട്ടുള്ളതെന്ന കാരണത്താൽ ശമ്പളം സംരക്ഷണം നിരസിച്ചിട്ടുളളതാണ്.

6. It is submitted that as per Rule 61(4) of Chapter XIV A KER all duty in a post on a Time Scale whether continuous or interrupted shall count for increment in that Scale. ടി ചട്ടം അനുസരിച്ച് 30.07.1999 മുതൽ 31.12.2007 വരെയുള്ള സേവന കാലം കണക്കാക്കി ടിയാളുടെ പുനർ നിർണ്ണയ തീയതിയായ 03.06.2013 മുതൽക്ക് ഇൻക്രിമെൻ്റുകൾ അനുവദിക്കേണ്ടതാണ്. ആയത് നിരസിച്ചിട്ടുള്ളതാണ്. 30.07.1999 മുതൽ 31.12.2007 വരെ ടിയാൾക്ക് ലഭിക്കേണ്ട 8 ഇൻക്രിമെന്റുകൾ കണക്കാക്കി 15.07.2016 മുതൽക്ക് എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ടിയാളുടെ ശമ്പളം ഉൾപ്പെടുത്തി പുനർ നിർണ്ണയിച്ച് ലഭിക്കുവാൻ അർഹതയുളളതാണ്.

7. സ.ഉ.(സാധാ)നം. 2007/2021/പൊ.വി.വ തീയതി 26.02.2021 നമ്പർ സർക്കാർ ഉത്തരവിൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ഇൻക്രിമെൻ്റ് പ്രൊബേഷൻ എന്നിവ കണക്കാകേണ്ടത് എങ്ങനെയാണെന്നും താഴെ പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.

(1.) ഇൻക്രിമെന്റ് അനുവദിക്കുന്ന വിഷയത്തിൽ കെ.ഇ.ആർ. അദ്ധ്യായം 14എ ചട്ടം 61(4) പ്രകാരം "All duty in a post on a timescale whether continuous or interrupted shall count for increment in that timescale".

എന്നുളളതിനാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഒന്നാമത് ഇൻക്രിമെന്റ് ചട്ടം 61(2) പ്രകാരം അനുവദിച്ചതിനു ശേഷം പ്രൊബേഷനു പരിഗണിക്കാതിരുന്ന ഹ്രസ്വ സേവനകാലം ഉണ്ടെങ്കിൽ

അവ കൂടി ചേർത്ത് ചട്ടം 61(2), 61 (2) ബി എന്നിവ പ്രകാരം തുടർന്നുള്ള ഇൻക്രിമെൻ്റുകൾ അനുവദിക്കാവുന്നതാണ്.

(2.) പഴയ സർവ്വീസ് പരിഗണിക്കുമ്പോൾ ശമ്പളപരിഷ്കരണം വഴി ശമ്പള സ്കെയിൽ മാറിയിട്ടുണ്ടെങ്കിൽ All duty in a post on a timescale എന്ന നിബന്ധന തെറ്റുമെന്നതിനാൽ ആയവ ഇൻക്രിമെന്റുകൾ അനുവദിക്കുന്നതിനു പരിഗണിക്കാനാകില്ല എന്നൊരു വാദം വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കുന്നുണ്ട്. എന്നാൽ ശമ്പളപരിഷ്കരണം വഴി ശമ്പളസ്കെയിൽ മാറിയിട്ടുണ്ടെങ്കിലും, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അവയെ ഒരു ശമ്പള സ്കെയിലിലുള്ള സേവനമായി കണക്കാക്കാവുന്നതാണെന്ന് 179/റൂൾസ്.എ3/10/ഫിൻ തീയതി 15/3/2010 പ്രകാരം ധനവകുപ്പിൽ നിന്നും സർക്കാർ തീരുമാനം ഉണ്ടായിട്ടുണ്ട്. പ്രസക്തഭാഗം ചുവടെ ചേർക്കുന്നു:

"On the basis of the decision taken in the light of the judgment in WP(C) 16676/2004 dated 09/06/2004 filed by Sri K.J.James, HM(Rtd), the pre-revised scale and the corresponding revised scale are treated as identical scale if other conditions are satisfied Hence Govt. have taken a decision that change in the scale of pay due to intervention of pay revision will not be taken into account.

മാത്രമല്ല സർക്കുലർ 44060/ജെ.2/11/പൊ.വി.വ. തീയതി 26/9/2012 പ്രകാരം പൊതുവിദ്യാഭ്യാസവകുപ്പിൽ നിന്നും പുറപ്പെടുവിച്ച സ്പഷ്ടീകരണത്തിലും ഇക്കാര്യം 'ആയതിനാൽ, മറ്റു വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുള്ള ഒരേ ടൈം സ്കെയിലിലുള്ള ബ്രോക്കൺ സർവ്വീസ് കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 61(4) പ്രകാരം ഇൻക്രിമെൻ്റിനു പരിഗണിക്കുമ്പോൾ ശമ്പളപരിഷ്കരണം വഴി ടൈം ഇൻക്രിമെന്റിനു സ്കെയിലിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിലും പരിഗണിക്കേണ്ടതാണെന്നു നിർദ്ദേശിക്കുന്നു.

ആയതിനാൽ ഇത്തരം തടസ്സവാദങ്ങൾ നിലനില്ക്കാത്തതും സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധവുമാണ്. സ.ഉ.(സാധാ)നം. 2007/2021/പൊ.വി.വ തീയതി 26.02.2021.

9. സമാന സാഹചര്യത്തിൽ സ.ഉ.(സാധാ)നം. 2007/2021/പൊ.വി.വ. തീയതി 26.02.2021 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സമാന സാഹചര്യത്തിൽ മറ്റ് ഉത്തരവുകൾ സ.ഉ.(സാധാ)നം. 2991/2021/പൊ.വി.വ തീയതി 10.06.2021 & സ.ഉ.(സാധാ)നം. 3813/2022/പൊ.വി.വ തീയതി 28.06.2022.

മേൽ സാഹചര്യങ്ങളും അനുബന്ധം-8,9&10 സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ശ്രീമതി. ബസരിയ കെ. 30.07.1999 മുതൽ 31.12.2007 വരെ ലഭിക്കേണ്ട 8 ഇൻക്രിമെൻ്റുകൾ കണക്കാക്കി 03.06.2013 മുതൽ ശമ്പളം പുനർനിർണ്ണയിച്ച് നൽകുവാൻ ഒരു ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3. ഈ വിഷയത്തിൽ പൊതു വിദ്യാഭ്യാസ അധികൃതരുടെ അഭിപ്രായം താഴെ കാണാവുന്നതാണ് :

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന തൃത്താല ഡോ: കെ.ബി. മേനോൻ മെമ്മോറിയൽ ഹൈസ്കൂൾ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ വരുന്നു. ടി സ്കൂളിലെ അറബിക് അദ്ധ്യാപകനായ ശ്രീ. വി.വി. ഇബ്രാഹിംകുട്ടി 01/04/1998 മുതൽ 31/03/2003 വരെ

അവധി എടുത്ത ഒഴിവിൽ ശ്രീമതി ബസരിയ.കെ-യെ എൽ.ജി. അറബിക് അദ്ധ്യാപികയായി 30/07/1999 മുതൽ നിയമിക്കുകയും, പ്രസ്തുത അവധി ഒഴിവിലെ നിയമനം അംഗീകരിക്കുകയും ചെയ്തു. ശ്രീ. ഇബ്രാഹിംകുട്ടി വീണ്ടും 5 വർഷത്തേക്ക് അവധി ദീർഘിപ്പിച്ച ഒഴിവിൽ ശ്രീമതി. ബസരിയ.കെ യെ 01/04/2003 മുതൽ 31/12/2007 വരെ വീണ്ടും നിയമിക്കുകയും നിയമനം അംഗീകരിച്ച് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ശ്രീമതി. ബസരിയ. കെ-ക്ക് 30/07/1999 മുതൽ 31/12/2007 വരെ എൽ.ജി. അറബിക് തസ്തികയിൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട് എന്നത് DDE റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ശ്രീ. ഇബ്രാഹിംകുട്ടി 31/05/2013-ൽ വിരമിച്ച ഒഴിവിൽ ശ്രീമതി. ബസരിയ.കെ. യെ 03/06/2013 മുതൽ എൽ.ജി. അറബിക് തസ്തികയിൽ നിയമിക്കുകയും ആയതിനു തുടർച്ചയായി നിയമനാംഗീകാരം ലഭിക്കുകയും ചെയ്തു. പിന്നീട് ശ്രീമതി. ബസരിയ.കെ. യ്ക്ക് എച്ച്.എസ്.ടി (അറബിക്) തസ്തികയിൽ 15/07/2016 മുതൽ നിയമനംഗീകാരം ലഭിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച 30/07/1999 മുതൽ 31/12/2007 വരെ എൽ.ജി. അറബിക് അദ്ധ്യാപികയായി അവധി ഒഴിവിലുള്ള നിയമനം കൂടി കണക്കിലെടുത്തുകൊണ്ട് പേ പ്രൊട്ടക്ഷനും ഇൻക്രിമെന്റുകളും അനുവദിക്കണമെന്നതാണ് അപേക്ഷകയുടെ റിവിഷൻ ഹർജിയിലെ ആവശ്യം.

ശ്രീമതി ബസരിയ.കെ 30/07/1999 മുതൽ 31/12/2007 വരെ എൽ.ജി അറബിക് അദ്ധ്യാപികയായി അവധി ഒഴിവിലാണ് സേവനമനുഷ്ഠിച്ചിരുന്നത്. ഈ കാലഘട്ടം താത്കാലിക സർവീസ് ആണ്. അവധി ഒഴിവിൽ സേവനമനുഷ്ഠിച്ച കാലഘട്ടത്തിൽ 30/07/2007 പ്രാബല്യത്തിൽ പ്രസ്തുത അദ്ധ്യാപികക്ക് എൽ.ജി അറബിക് തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ച് ശമ്പളം നിർണ്ണയിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ ടി അദ്ധ്യാപിക എൽ.ജി അറബിക് തസ്തികയിൽ റഗുലർ ആയി 03/06/2013 സേവനത്തിൽ പ്രവേശിച്ച് റഗുലർ സർവ്വീസ് ആരംഭിച്ചതിന് ശേഷം 01/07/2014 പ്രാബല്യത്തിലുള്ള ശമ്പള പരിഷ്കരണത്തിൽ അവധി ഒഴിവിലെ സർവീസ് കൂടി കണക്കാക്കിയാണ് ശമ്പള നിർണ്ണയം നടത്തിയിരിക്കുന്നത്.

ശ്രീമതി ബസരിയ.കെ. യ്ക്ക് മേൽ പരാമർശിച്ച പ്രകാരം എൽ.ജി അറബിക് തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളത് ടിയാൾ താത്കാലിക സേവനത്തിൽ അവധി ഒഴിവിൽ തുടരുമ്പോഴാണ്. 03/06/2013-ന് തുടർച്ചയായ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ച തീയതിയ്ക്ക് എൽ.ജി. അറബിക് തസ്തികയിലെ ശമ്പള സ്കെയിലായ 13210-22360 ലെ 13,210/- മിനിമത്തിലാണ് ശമ്പളം അനുവദിക്കാൻ കഴിയുന്നത്. തുടർന്ന് 03/06/2014 ന് പ്രൊബേഷൻ ഡിക്ലയർ ചെയ്തതു കണക്കിലെടുത്ത് അപേക്ഷകയ്ക്ക് ഇൻക്രിമെന്റ് അനുവദിച്ചിട്ടുമുണ്ട്. ആയതു പ്രകാരം അപേക്ഷകയ്ക്ക് റഗുലറായി എൽ.ജി. അറബിക് തസ്തികയിൽ പരിവീക്ഷാ കാലാവധി പൂർത്തിയാക്കിയ തീയതിയിൽ ലീവ് സബ്സ്റ്റിറ്റ്യൂട്ട് കാലയളവ് കൂടി പരിഗണിച്ചുകൊണ്ട് ഹയർ ഗ്രേഡ് അനുവദിച്ച് ശമ്പളം നിർണ്ണയിച്ച് നൽകുന്നതിനുള്ള അർഹതയുള്ളതായി കാണുന്നു. എന്നാൽ ലീവ് സബ്സ്റ്റിറ്റ്യൂട്ട് കാലയളവ് കഴിഞ്ഞ് റഗുലർ സർവ്വീസിൽ പ്രവേശിയ്ക്കുന്നതിന് 5 വർഷത്തിൽ കൂടുതൽ കാലദൈർഘ്യം വന്നിട്ടുള്ളതിനാൽ അവധി കാലയളവ് കൂടി പരിഗണിച്ച് ഗ്രേഡ് അനുവദിയ്ക്കുന്നതിന് 30.09.1974 ലെ സ.ഉ. (സാധാ) നം. 190/1974 പൊ.വി.വ. പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ആവശ്യമാണ്. എന്നാൽ മേൽ ആവശ്യത്തിനായി അത്തരത്തിൽ അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടില്ല.

ആയതിനാൽ അപേക്ഷകയുടെ റിവിഷൻ ഹർജിയിൽ പരാമർശിച്ച പ്രകാരം ലീവ് സബ്സ്റ്റിറ്റ്യൂട്ട് കാലഘട്ടം ഉൾപ്പെടുത്തി ശമ്പള സംരക്ഷണവും ഇൻക്രിമെന്റും അനുവദിക്കാൻ നിലവിൽ വ്യവസ്ഥ ഇല്ല എന്നതും സർവ്വീസ് ബ്രേക്ക് മാപ്പാക്കി നൽകുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആയതിൽ നടപടികൾ പൂർത്തിയായ ശേഷം ലീവ് സബ്സ്റ്റിറ്റ്യൂട്ട് കാലയളവ് കൂടി കണക്കാക്കിക്കൊണ്ട് അപേക്ഷകയ്ക്ക് അർഹതപ്പെട്ട സമയബന്ധിത ഗ്രേഡുകൾ അനുവദിക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തൃത്താല ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹൈസ്കൂളിലെ അറബിക് അധ്യാപകനായ ശ്രീ. വി.വി. ഇബ്രാഹിംകുട്ടി 01.04.1998 മുതൽ 31.03.2003 വരെ അവധി എടുത്ത ഒഴിവിൽ ശ്രീമതി. ബസരിയ.കെ. യെ എൽ.ജി. അറബിക് അധ്യാപികയായി 30.07.1999 മുതൽ പ്രസ്തുത അവധി ഒഴിവിൽ നിയമനാംഗീകാരം ലഭിച്ചു. ശ്രീ. ഇബ്രാഹിംകുട്ടി വീണ്ടും 5 വർഷത്തേക്ക് അവധി ദീർഘിപ്പിച്ച ഒഴിവിൽ ശ്രീമതി. ബസരിയ.കെ. യെ 01.04.2003 മുതൽ 31.12.2007 വരെ നിയമനാംഗീകാരം നൽകിയിട്ടുണ്ട്. അപ്രകാരം ശ്രീമതി. ബസരിയ.കെ. യ്ക്ക് 30.07.1999 മുതൽ 31.12.2007 വരെ എൽ.ജി. അറബിക് തസ്തികയിൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. ശ്രീ. ഇബ്രാഹിംകുട്ടി 31.05.2013 ൽ വിരമിച്ച ഒഴിവിൽ ശ്രീമതി. ബസരിയ.കെ. 03.06.2013 മുതൽ എൽ.ജി. അറബിക് തസ്തികയിൽ നിയമിക്കുകയും അതിനു തുടർച്ചയായി നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി. ബസരിയ.കെ. യ്ക്ക് എച്ച്.എസ്.ടി. (അറബിക്) തസ്തികയിൽ 15.07.2016 മുതൽ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. 30.7.1999 മുതൽ 31.12.2007 വരെയുള്ള എൽ.ജി. അറബിക്ക് അധ്യാപികയായി അവധി ഒഴിവിലുള്ള കാലഘട്ടം കണക്കാക്കി 30.07.1999 മുതൽ 31.12.2007 വരെ ലഭിക്കേണ്ട 8 ഇൻക്രിമെന്റുകൾ കണക്കാക്കി 03.06.2013 മുതൽ ശമ്പളം പുനർനിർണ്ണയിച്ച് നൽകുക എന്നുള്ളതാണ് ഹർജിയിലെ ആവശ്യം.

ലീവ് സബ്സ്റ്റിറ്റ്യൂട്ട് കാലഘട്ടം ഉൾപ്പെടുത്തി ശമ്പള സംരക്ഷണവും ഇൻക്രിമെന്റും അനുവദിക്കാൻ നിലവിൽ വ്യവസ്ഥ ഇല്ല എന്നും സർവീസ് ബ്രേക്ക് മാപ്പാക്കി നൽകുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആയതിൽ നടപടി പൂർത്തിയായ ശേഷം ലീവ് സബ്സ്റ്റിറ്റ്യൂട്ട് കാലയളവ് കൂടി കണക്കാക്കിക്കൊണ്ട് അപേക്ഷകയ്ക്ക് അർഹതപ്പെട്ട സമയബന്ധിത ഗ്രേഡുകൾ അനുവദിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ലീവ് സബ്സ്റ്റിറ്റ്യൂട്ട് കാലയളവ് കഴിഞ്ഞ് റെഗുലർ സർവീസിൽ പ്രവേശിക്കുന്നതിനുണ്ടായ സർവീസ് ബ്രേക്ക് മാപ്പാക്കി നൽകുന്നതിനുള്ള ഹർജിക്കാരിയുടെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ശ്രീമതി. ബസറിയയുടെ 30.07.1999 മുതൽ 31.12.2007 വരെയുള്ള ഇൻക്രിമെന്റുകൾ കണക്കാക്കി 03.06.2013 മുതൽ ശമ്പളം പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് ധന വകുപ്പിന്റെ 179/റൂൾസ്.എ3/10/fin തീയതി 15.03.2010, സർക്കുലർ നമ്പർ 44060/ജെ2/11/പൊ.വി.വ. തീയതി 26.09.2012 എന്നിവ പ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് EXT P8 റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം പാലക്കാട് തൃത്താലയിലെ ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹൈസ്കൂളിലെ എച്ച്.എസ്.ടി. (അറബിക്) ശ്രീമതി. കെ.ബസറിയ ഫയൽ ചെയ്ത സൂചന (2) ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. കെ. ബസറിയ, എച്ച്.എസ്.ടി. (അറബിക്), ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹൈസ്കൂൾ, തൃത്താല, പാലക്കാട്
മാനേജർ, ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹൈസ്കൂൾ, തൃത്താല, പാലക്കാട്
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 22-05-2026 10:16:54
സെക്ഷൻ ഓഫീസർ